# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

### 2026 ജനുവരി കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

**പ്രിയപ്പെട്ടവരെ,**

**പുതുവർഷത്തിന്റെ ശാന്തമായ ഉമ്മറത്ത്, ഒരു അടിസ്ഥാന ക്രിസ്തീയ സമൂഹമായി നാം ദൈവസന്നിധിയിൽ ഒരുമിച്ചുകൂടുമ്പോൾ ദൈവത്തിന്റെ മൗനസ്വരം നമ്മെ ക്ഷണിക്കുക ഹൃദയം പുതുക്കപ്പെടാനാണ്. ജീവിതം പുതുതാകുന്നത് ഒരു കലണ്ടറിന്റെ പേജ് മറിഞ്ഞതുകൊണ്ടല്ല; മറിച്ച് ദൈവത്തിന്റെ സാന്നിധ്യത്തിൽ വിനയത്തോടെ നാം ഹൃദയം തുറക്കുമ്പോഴാണ് യഥാർത്ഥ പുതുക്കൽ ആരംഭിക്കുന്നത്. അതിനാലാണ് തിരുവെഴുത്ത് സ്നേഹത്തോടെ നമ്മെ ഓർമ്മിപ്പിക്കുക. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതുതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. (വിലാപങ്ങൾ 3:22,23) ഓരോ പ്രഭാതവും ദൈവം നമുക്ക് സമ്മാനിക്കുന്നത് വെറും ഒരു പുതിയ ദിവസം മാത്രമല്ല അവന്റെ കൃപയാൽ വീണ്ടും തുടങ്ങാനുള്ള ഒരു അനുഗ്രഹ അവസരമാണ്. ദൈവം നമ്മുടെ കരങ്ങളിലേൽപിക്കുന്ന 365 ശൂന്യമായ പേജുകളുള്ള ഈ പുസ്തകം നാം നിറക്കേണ്ടത് പഴയ പരാജയത്താലോ ഭയത്താലേ അല്ല മിറച്ച്**

**ക്രിസ്തുവിലുള്ള വിശ്വാസവും പ്രത്യാശയും സ്നേഹവും കൊണ്ടാണ് രേഖപ്പെടുത്തേണ്ടത്.**

**ലോകം പുതിയ പദ്ധതികളിലും തീരുമാനങ്ങളിലും ആസൂത്രണം ചെയ്യുമ്പോൾ**

**കർത്താവിന്റെ വചനം നമ്മെ ക്ഷണിക്കുന്നത് അതിലും ആഴമുള്ള ഒരു ആത്മീയ പാതയിലേക്കാണ് ദൈവത്തിന്റെ സാന്നിധ്യം ശ്രദ്ധിച്ചു കേൾക്കുന്ന ഹൃദയത്തി ലേക്കും, അവനിൽ പുനർനിർമ്മിക്കപ്പെടുന്ന ജീവിതത്തിലേക്കും തിരുവെഴുത്ത് നമ്മെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു: കർത്താവ് ഒരുക്കിയ ദിവസമാണിന്ന്; ഇന്ന് സന്തോഷിച്ചുല്ലസിക്കാം (സങ്കീ 118:24). ഈ പുതവർഷത്തിലെ ഓരോ ദിനവും ദൈവം കരുതലോടെ നമ്മുടെ കൈകളിൽ ഏല്പിക്കുന്ന അമൂല്യ അനുഗ്രഹമാണ്. അതിനാൽ പൂർണ്ണഹൃദയത്തോടും ശാന്തമായ മനസ്സോടും പ്രത്യാശ നിറഞ്ഞ ആത്മാവോടും കൂടി നമുക്ക് ഈ പ്രാർത്ഥനയിലേക്ക് ധ്യാനപൂർവ്വം പ്രവേശിക്കാം. ദൈവത്തിന്റെ കൃപയാൽ പുതുക്കപ്പെടാനും അവന്റെ സ്നേഹത്താൽ നയിക്കപ്പെടുകയും ചെയ്യുന്ന ഒരു പുതുജീവിതയാത്രയുടെ മനോഹരമായ തുടക്കത്തിനായും പ്രാർത്ഥിക്കാം.**

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

   **ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''എന്ന് പറയുന്നു.)

5. **സങ്കീർത്തനം 27**

   എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.
   *(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : ജെറമിയ : 29 : 1114**

8. **വചനവിചിന്തനം :-**

**പ്രിയപ്പെട്ടവരെ,**

**പുതുവർഷത്തിലേക്ക് കടക്കുമ്പോൾ നമ്മളിൽ പലരും പുതിയ തീരുമാനങ്ങളും ഉദാത്തമായ പ്രതിജ്ഞകളുമായി ജീവിതത്തിൽ നല്ല മാറ്റങ്ങൾ വരുത്തണമെന്ന ആത്മാർത്ഥമായ ആഗ്രഹങ്ങളുമായി ദൈവസന്നിധിയിൽ എത്തുന്നു. എങ്കിലും അനുഭവം നമ്മെ വിനയത്തോടെ പഠിപ്പിക്കുന്ന ഒരു സത്യമുണ്ട്. പലപ്പോഴും ഈ തീരുമാനങ്ങൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇല്ലാതാക്കുന്നു. അപ്പോൾ പുതുവർഷം പോലും പഴയതുപോലെ നമുക്ക് തോന്നിത്തുടങ്ങും.**

**ജെറമിയ പ്രവാചകൻ വഴി ദൈവം നമുക്ക് അതിമനോഹരമായ വാഗ്ദാനം നല്കുന്നുണ്ട്. നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണിത് നിങ്ങൾക്കു ശുഭമായ ഭാവിയും പ്രാത്യാശയും നല്കുന്ന പദ്ധതി (ജെറമിയ 29:11). ബാബിലോൺ തടവിൽ പ്രത്യാശ നഷ്ടപ്പെട്ട ജനത്തോടാണ്**

**ഈ വാക്കുകൾ ദൈവം പറഞ്ഞത്; അതുകൊണ്ടുതന്നെ പുതുവർഷത്തിന്റെ വാതിൽപ്പടിയിൽ നില്ക്കുന്ന നമുക്കും ദൈവം ഇതേ ഉറപ്പാണ് നല്കുന്നത് നമ്മുടെ ഇന്നലെകൾ എത്ര ഭാരമുള്ളതായാലും നമ്മുടെ ഭാവി അവന്റെ സ്നേഹമുള്ള കരങ്ങളിലാണ്. ഈ വാഗ്ദാനം ഒരു ആശ്വാസവചനം മാത്രമല്ല; അത് ഒരു ബന്ധത്തിലേക്കുള്ള ക്ഷണവുമാണ്. ദൈവം പറയുന്നു: നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും എന്റെ അടുക്കൽ വന്ന് പ്രാർത്ഥിക്കും ഞാൻ നിങ്ങളുടെ പ്രാർത്ഥന ശ്രവിക്കും നിങ്ങൾ എന്നെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്താൻ ഞാൻ ഇടയാക്കുമെന്നും കർത്താവ് ഉറപ്പുതരുന്നു. (ജെറമിയ 29:12-14)**

**അതായത്, പുതുവർഷത്തിലെ യഥാർത്ഥ പുതുക്കൽ നമ്മുടെ ശക്തമായ തീരുമാനങ്ങളിൽ നിന്നല്ല മറിച്ച് ദൈവത്തെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുന്ന ഒരു വിശ്വാസജീവിതത്തിൽ നിന്നാണ് ആരംഭിക്കുന്നത്. അതുകൊണ്ടാണ് തിരുവചനം നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നത്: നിന്റെ ജീവിതം കർത്താവിൽ ഭരമേല്പിക്കുക കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്നു നോക്കിക്കൊള്ളും. (സങ്കീ 37:5) വിശുദ്ധ അഗസ്റ്റിൻ പറയുന്നതുപോലെ വീണ്ടും ആരംഭിക്കു . വീണ്ടും, വീണ്ടും. (ആലഴശി മഴശി മിറ മഴശി മിറ മഴശി) ഓരോ ദിവസവും ദൈവത്തിന്റെ കൈകളിൽ ജീവിതത്തെ ഏല്പ്പിക്കാൻ പഠിക്കുമ്പോഴാണ് നമ്മുടെ ബലഹീനതകൾ പോലും കൃപയുടെ വഴികളായിമാറുന്നത്. ഈ വിശ്വാസയാത്ര ഒറ്റയ്ക്ക് നടക്കാനുള്ളതല്ല, സ്വന്തം ശക്തിയാൽ വേഗത്തിലാക്കേണ്ടതുമല്ല. ഒരു അടിസ്ഥാന ക്രിസ്തീയ സമൂഹമായി നമ്മൾ ഒരുമിച്ച് നടക്കാൻ വിളിക്കപ്പെവരാണ്. വീഴുമ്പോൾ പരസ്പരം ഉയർത്തികൊണ്ടും ക്ഷീണിക്കുമ്പോൾ പരസ്പരം ലക്ഷ്യം ഓർമ്മിപ്പിച്ചുകൊണ്ടും ദൈവത്തിന്റെ പദ്ധതി നമ്മുടെ ജീവിതത്തിൽ നിറവേറുന്നത് സമൂഹമായി നാം വിശ്വാസത്തിൽ ഉറച്ചു നില്ക്കുമ്പോഴാണ്. യേശുവിന്റെ കൈകളിൽ നമ്മുടെ കൈ മുറുകെ പിടിച്ച്, പരസ്പരം പിന്തുണച്ചുകൊണ്ട് മുന്നോട്ട് നടക്കുമ്പോൾ നമ്മുടെ പുതുവർഷത്തിന് ദിശയും അർത്ഥവും ലഭിക്കുന്നു. അതിനാൽ ഈ പുതുവർഷം പഴയ ശീലങ്ങളുടെയും തകർന്ന വാഗ്ദാനങ്ങളുടെയും ആവർത്തനമാകാതെ, ദൈവം അനുവദിക്കുന്ന ഒരു കൃപാവർഷമായി മാറട്ടെ. ഈ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ആത്മാവോടെ നമ്മുക്ക് ഈ പുതുവർഷം ആരംഭിക്കാം. അതിന്റെ തുടർച്ചയായി ദെവത്തിന്റെ കൃപയിൽ മനോഹരമായി രൂപപ്പെടുകയും അവന്റെ സ്നേഹത്താൽ നയിക്കപ്പെടുകയും ചെയ്യുന്ന ഒരു പുതുജീവിതവും ആരംഭിക്കാം.**

**പുതുവർഷത്തിലുള്ള മൂന്ന് പ്രധാന ആത്മീയ സന്ദേശങ്ങൾ**

1. **നമ്മുടെ ഭാവി നമ്മുടെ കണക്കുകളിലല്ല, ദൈവത്തിന്റെ പദ്ധതികളിലാണ്**
   കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്, നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി. (ജെറമിയ 29:13)

2. **പുതുവർഷം ശക്തമായ പ്രതിജ്ഞകളാൽ അല്ല, ദൈവത്തിൽ പൂർണ്ണവിശ്വാസത്തോടെ ആരംഭിക്കണം.**
   നിന്റെ ജീവിതം കർത്താവിനു ഭരമേല്പിക്കുക. കർത്താവിൽ വിശ്വാസമർപ്പിക്കുക; അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ 37:5)

3. **ദൈവത്തിന്റെ കൈ മുറുകെ പിടിച്ച് സമൂഹമായി ലക്ഷ്യത്തിലേക്ക് നടക്കുക. ഒറ്റയ്ക്ക് അല്ല, പരസ്പരം കരുതിയും പ്രാർത്ഥിച്ചും മുന്നോട്ട് പോകാം.** രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും. അവരിൽ ഒരുവൻ വീണാലും അപരനു താങ്ങാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവൻ വീണാൽ താങ്ങാനാരുമില്ല. അവന്റെ കാര്യം കഷ്ടമാണ്. (സഭാപ്രസ 29:11-12)

## <u>ദൗത്യം ഏറ്റെടുക്കൽ</u>

1. **ഓരോ കുടുംബവും ആഴ്ചയിൽ ഒരു ദിവസം മീഡിയ സീറോ അവർ ആയി നിശ്ചയിച്ച് മൊബൈൽ, ടി.വി, സോഷ്യൽ മീഡിയ എന്നിവ ഒഴിവാക്കി കുറഞ്ഞത് അരമണിക്കൂർ കുടുംബപ്രാർത്ഥനയും അരമണിക്കൂർ സന്തോഷത്തോടെ ഒരുമിച്ച് ഭക്ഷണം പങ്കിടലിനും ചെലവഴിക്കുക.**
2. **ബിസിസി യൂണിറ്റിലെ ഓരോ കുടുംബവും മാസത്തിൽ കുറഞ്ഞത് ഒരിക്കൽ മറ്റൊരു കുടുംബത്തെ വീട്ടിലേക്ക് ക്ഷണിച്ച് ലളിതമായ പ്രാർത്ഥനയും**

   **സ്നേഹസംഭാഷണവും നടത്തുക.**
3. **യൂണിറ്റിലെ രോഗികളെയോ വയോധികരേയോ ഒറ്റപ്പെട്ടവരെയോ കണ്ടെത്തി ആഴ്ചതോറും 2 കുടുംബങ്ങൾ ചേർന്ന് ഒരു വ്യക്തിയെയെങ്കിലും സന്ദർശനം നടത്താൻ ക്രമീകരിക്കുക.**
4. **ഓരോ കുടുംബവും കുട്ടികളെ സ്ക്കൂളിലേക്ക് അയയ്ക്കുന്നതിന് മുമ്പ് ചെറുപ്രാർത്ഥനയോടും ദൈവവചനത്തിന്റെ ഒരു ചിന്തയോടെയും (ചെറു വാക്യങ്ങൾ വായിപ്പിക്കുക) അവരുടെ ദിനം കർത്തവിന് സമർപ്പിക്കുന്ന ശീലം വളർത്തിയെടുക്കുക.**
5. **ഓരോ ബിസിസി യൂണിറ്റും വർഷത്തിൽ കുറഞ്ഞത് ഒരിക്കൽ കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി ആത്മീയ മൂല്യബോധന പരിപാടികൾ (ക്വിസ്, ധ്യാനത്തിന് അയയ്ക്കുന്നത്) സംഘടിപ്പിക്കുകയും അതിന്റെ ഭാഗമായി ഒരു അനാഥാലയമോ, പുനരധിവാസ കേന്ദ്രമോ, ഡീ-അഡീക്ഷൻ സെന്ററോ സന്ദർശിക്കുന്ന സേവനപ്രവർത്തനം നടത്തുകയും ചെയ്യുക.**

9. **റിപ്പോർട്ട്**
10. **ഹാജർ**
11. **അടുത്ത യോഗം നിശ്ചയിക്കുക**
12. **ചർച്ച**
13. **കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :**

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും,

പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

**15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

**16. സമാപന ഗാനം**